**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1429** **04-07-2022 - ല്‍ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ മിക്സഡ് സ്കൂളുകള്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചര്‍ | | ശ്രീ വി ശിവന്‍കുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴില്‍ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂളുകളിലെ ലിംഗസമത്വം യാഥാര്‍ത്ഥ്യമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് എത്ര ബോയ്സ്, ഗേള്‍സ് സ്കൂളുകളെ മിക്സഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട് എന്ന് വിശദമാക്കാമോ; | (എ) | ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിനു ശേഷം 11 സര്‍ക്കാര്‍ സ്കൂളുകളെയും 2 എയ്ഡഡ് സ്കൂളുകളെയും മിക്സ്ഡ് സ്കൂളുകളാക്കി മാറ്റിയിട്ടുണ്ട്. |
| (ബി) | ഭാവിയില്‍ സംസ്ഥാനത്തെ മുഴുവന്‍ ബോയ്സ്, ഗേള്‍സ് സ്കൂളുകളെയും പൂര്‍ണ്ണമായും മിക്സഡ് സ്കൂളുകളാക്കി മാറ്റാന്‍ തീരുമാനിച്ചിട്ടുണ്ടോ? | (ബി) | സ്ക്കൂളുകള്‍ മിക്സഡ് ആക്കണമെന്ന ആവശ്യവുമായി നിരവധി അപേക്ഷകള്‍ ലഭിക്കുന്നുണ്ട്. സ്കൂളില്‍ കെ.ഇ.ആര്‍ പ്രകാരമുള്ള ക്ലാസ്സ് റൂമുകള്‍, ഫര്‍ണിച്ചര്‍, കുടിവെള്ളം മുതലായ ഭൗതിക സാഹചര്യങ്ങള്‍, മതിയായ സുരക്ഷിതത്വം നല്‍കുന്ന രീതിയില്‍ ആണ്‍കുട്ടികള്‍ക്കും പെണ്‍കുട്ടികള്‍ക്കും പ്രത്യേകം ടോയ്‌ലറ്റ് സൗകര്യങ്ങള്‍, അധിക കുട്ടികളെ ഉള്‍ക്കൊള്ളാന്‍ കഴിയുംവിധം സ്ക്കൂളിന് മതിയായ കളിസ്ഥലം എന്നിവ ലഭ്യമാണെങ്കില്‍ അത്തരം സ്കൂളുകളുടെ അപേക്ഷ ബന്ധപ്പെട്ട പി.റ്റി.എ, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ശുപാര്‍ശ എന്നിവയും, എയ്ഡഡ് സ്കൂളുകളുടെ കാര്യത്തില്‍ മുകളില്‍ പറഞ്ഞവയ്ക്കു പുറമേ മാനേജരുടെ അപേക്ഷയും ലഭിക്കുകയാണെങ്കില്‍ അത്തരം അപേക്ഷ ഒാരോ സ്കൂളുകളുടേയും മെറിറ്റടിസ്ഥാനത്തില്‍ പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. |

സെക്ഷന്‍ ഓഫീസര്‍